LIBRARY ARCHIVES Kerala Legislative Assembly

കർഷക തൊഴിലാളി പെൻഷൻ

22 [1341] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർഷകത്തൊഴിലാളി പെൻഷൻ യഥാസമയം വിതരണം ചെയ്യാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

സർക്കാരിന്റെ സാമ്പത്തികനില മെച്ചമല്ലാത്തതിനാലാണ് കർഷകത്തൊഴിലാളി പെൻഷൻ യഥാസമയം വിതരണം ചെയ്യാൻ കഴിയാത്തത്.

തൊഴിലാളി ക്ഷേമനിധി ബോർഡുകൾ

23 [1342] *ശ്രീ. കെ. പി. രാജേന്ദ്രൻ:*
,, *എൻ. രാജൻ:*
,, *എം. കുമാരൻ:*
,, *മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള തൊഴിലാളിക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിലയിരുത്തുന്നതിനും പഠിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിപ്പോൾ എത്ര തൊഴിലാളി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവ ഓരോന്നിലും അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾ എത്ര;

(സി) ഓരോ തൊഴിലാളി ക്ഷേമനിധി ബോർഡുകളിലും അംശാദായമായി എത്ര സംഖ്യ പിരിഞ്ഞുകിട്ടിയിട്ടുണ്ട്; സർക്കാർ വിഹിതം ഇവ ഓരോന്നിലും എത്ര വീതം;

(ഡി) അംശദായം കൃത്യമായി പിരിച്ചെടുക്കാത്തതിനാൽ സർക്കാർ വിഹിതം നൽകുന്നതിലും തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ നൽകുന്നതിലും ക്ഷേമനിധി ബോർഡുകൾ വീഴ്ച വരുത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) സമാനസ്വഭാവമുള്ള ക്ഷേമനിധികൾ തമ്മിൽ ഒന്നിപ്പിച്ച് പ്രവർത്തിപ്പിക്കുവാനും ചില ക്ഷേമനിധികൾ ഉപേക്ഷിക്കുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(എഫ്) പുതുതായി ഏതൊക്കെ മേഖലകളിൽ തൊഴിലാളി ക്ഷേമനിധി നിയമം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾ സർക്കാർ കാലാകാലങ്ങളിൽ വിലയിരുത്താറുണ്ട്.

(ബി) സംസ്ഥാനത്തിപ്പോൾ തൊഴിൽ വകുപ്പിനുകീഴിൽ 12 തൊഴിലാളി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഓരോ ബോർഡിലും അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

1. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്—2,80,966
2. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്---36,194
3. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്—12,47,019
4. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്---4,89,808
5. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്---18,58,776
6. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്—2,057
7. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് 1,42,330
8. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്---17,236
9. കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്—37,000
10. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്---57,062
11. കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്---84,616
12. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്—48,879

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇത്തരത്തിൽ വീഴ്ച വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഫണ്ടിന്റെ അപര്യാപ്തത കാരണം ആനുകൂല്യങ്ങൾ നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. അംശദായവും ഭൂഉടമാ വിഹിതവും പിരിക്കുന്നതിനുള്ള ഊർജ്ജിത ശ്രമം നടക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തീരുമാനിച്ചിട്ടില്ല.

(എഫ്) സർണ്ണാഭരണ തൊഴിലാളികൾക്കും മരംകയറ്റ തൊഴിലാളികൾക്കും കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികൾക്കും ചെറുകിട തോട്ടം തൊഴിലാളികൾക്കും ക്ഷേമപദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

കർഷക തൊഴിലാളി പെൻഷൻ

24 [1343] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കർഷക തൊഴിലാളി യൂണിയൻ നടത്തിയ സമരത്തെ തുടർന്നുണ്ടായ ധാരണ പ്രകാരം എത്ര മാസത്തെ പെൻഷൻ നൽകുവാനാണ് ധാരണയായിട്ടുള്ളത്; ശേഷിക്കുന്ന ഗഡുക്കൾ എപ്പോൾ കൊടുത്തുതീർക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ കർഷക തൊഴിലാളി പെൻഷനു അർഹരായിട്ടുള്ള എത്ര പേർ ഉണ്ട്; ഇതിൽ സ്ത്രീകളെത്ര; ജില്ല തിരിച്ചുള്ള കണക്കറിക്കാമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് കർഷക തൊഴിലാളി യൂണിയൻ നടത്തിയ സമരം ഒത്തുതീർപ്പാക്കുന്നതിനായി നടന്ന അനുരഞ്ജന ചർച്ചയിൽ ഒരു ഗഡു പെൻഷൻ (മൂന്ന് മാസത്തേത്) ഉടനെ നൽകാമെന്ന് ധാരണയായിരുന്നു. അതിന് വേണ്ടുന്ന തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അലോട്ട് ചെയ്തു കൊടുത്തിട്ടുണ്ട്. ഓണത്തിന് മുൻപായി മറ്റൊരു ഗഡു കൊടുക്കുവാൻ പരമാവധി യത്നിക്കുന്നതാണെന്നും, ശേഷിക്കുന്ന കുടിശ്ശിക സർക്കാരിന്റെ സാമ്പത്തിക സ്ഥിതിക്കു വിധേയമായി കഴിവതും വേഗം കൊടുക്കുവാൻ ശ്രമിക്കുന്നതാണെന്നും ധാരണയായിരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യത്തിൽ നടപടികളെടുത്തുവരുന്നു.

(ബി) നിലവിൽ കർഷക തൊഴിലാളി പെൻഷന് 5,32,987 (അഞ്ച് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി തൊള്ളായിരത്തി എൺപത്തിയേഴ്) പേർ അർഹരായിട്ടുണ്ട്. ഇതിൽ സ്ത്രീകൾ എത്രയാണെന്നു കണക്കുകൾ ശേഖരിച്ചിട്ടില്ല. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly